(സി) ആകെ 1997 പേർ പരീക്ഷയെഴുതി.

(ഡി) നിലവിലുള്ള 33 ഒഴിവുകളിലേക്കും പിന്നീട് ഉണ്ടാകാവുന്ന ഒഴിവുകളിലേക്കുമായിട്ടാണ് അപേക്ഷ ക്ഷണിച്ചത്.

(ഇ) റാങ്കുലിസ്റ്റ് ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്.

(എഫ്) ഉദിക്കുന്നില്ല.

(ജി) റാങ്കുലിസ്റ്റ് പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

(എച്ച്) രേഖകൾ ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്.

(ഐ) നിയമിച്ചു.

(ജെ) 67 പേരെ നിയമിച്ചിട്ടുണ്ട്.

(കെ) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് *

(എൽ) നിലവിലുള്ള ഒഴിവുകളിൽ 67 പേരെ നിയമിച്ചിരിക്കുകയാൽ ഇനി പ്രസിദ്ധീകരിക്കേണ്ടതുണ്ടെന്നു തോന്നുന്നില്ല.

പഞ്ചായത്ത് ഭരണം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി

280 [595] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇന്നുള്ള സ്പെഷ്യൽ ഓഫീസർമാർക്ക് ജോലിഭാരം ഉണ്ട് പഞ്ചായത്ത് ഭരണകാര്യങ്ങൾ പൂർണ്ണമായും നോക്കാൻ സാധിക്കുന്നതിനാൽ 1, 2, 3 ഗ്രേഡ് പഞ്ചായത്തുകളുടെ സ്പെഷ്യൽ ഓഫീസർമാരായി പഞ്ചായത്ത് ഇൻസ്പെക്ടർമാരെ അധികാരപ്പെടുത്താൻ ഗവൺമെൻറ് നടപടികൾ എടുക്കുമോ?

ഉത്തരം

പഞ്ചായത്തുകളിൽ ഇന്നുള്ള സ്പെഷ്യൽ ഓഫീസർമാർക്ക് ജോലിഭാരംകൊണ്ട് പഞ്ചായത്തുഭരണകാര്യങ്ങൾ പൂർണ്ണമായി നോക്കാൻ സാധിക്കുന്നില്ലായെന്ന് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആ നിലക്ക് 1,2,3 ഗ്രേഡ് പഞ്ചായത്തുകളുടെ ഭരണം പഞ്ചായത്ത് ഇൻസ്പെക്ടർമാരെ അധികാരപ്പെടുത്തുന്ന കാര്യം ഉദിക്കുന്നില്ല.

പഞ്ചായത്ത് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റ്

281 [596] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് ഇൻസ്പെക്ടർമാരുടെ 1-4-85 നുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണമെന്ത് ;

* അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly